**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മാലിന്യ സംസ്കരണത്തിൽ പരിശീലനം നൽകുന്നതിന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.റ്റി.സി)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.832/2017/തസ്വഭവ. തിരുവനന്തപുരം, തീയതി,23.03.2017.

---

പരാമർശം:- ഇൻറഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ രജിസ്ട്രാറുടെ 29.11.2016, 23.02.2017 എന്നീ തീയതികളിലെ IRTC/400/SWM/434/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പദ്ധതികൾ നിർബന്ധമായി നടപ്പിലാക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മാലിന്യ സംസ്കരണ രീതികൾ പരിചയപ്പെടുത്തുന്നതിനുള്ള ഒരു പരിശീലന പരിപാടി പാലക്കാട് മുണ്ടൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനമായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.റ്റി.സി) ആരംഭിക്കുന്നുണ്ടെന്നും മൂന്നു ദിവസം താമസിച്ചു പഠിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുള്ള പരിപാടിക്ക് ഭക്ഷണം, താമസം അടക്കം മൂന്നു ദിവസത്തേയ്ക്ക് 1500 രൂപ നിരക്കിൽ പരിശീലനം നടത്തുന്നതിന് അനുമതി നൽകണമെന്നും പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുവാദം നൽകണമെന്നും പരാമർശം പ്രകാരം ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്ക് മാലിന്യ സംസ്കരണത്തിനും പരിപാലനത്തിനുള്ള പരിശീലന പരിപാടി മൂന്നു ദിവസത്തേയ്ക്ക് ഒരാൾക്ക് 1500/- രൂപ എന്ന നിരക്കിൽ നടത്തുന്നതിന് ഇന്റഗ്രേഡ് റൂറൽ ടെക്നോളജി സെന്ററിന് അനുമതി നൽകി കൊണ്ടും പ്രസ്തുത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിന് അനുവാദം നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**കെ.എസ്. ബിന്ദു**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, മുണ്ടൂർ, പാലക്കാട്
ഡയറക്ടർ ,കില
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ